# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1518** **21.01.2014- ലെ മറുപടിക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി തുക അനുവദിക്കുന്നതിന് മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | | **ശ്രീ. കെ.സി. ജോസഫ്**<br>(ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവുംനോർക്കയും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ സാമ്പത്തിക വർഷവും പദ്ധതി തുക അനുവദിക്കുന്നതിനായി ആസൂത്രണ ബോർഡ് മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാന ആസൂത്രണ ബോർഡ് പ്രത്യേകമായി മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ 12-ാം പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ ത്തിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആവശ്യഘട്ടങ്ങളിൽ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റി ചില നിർദ്ദേശങ്ങളും നൽകാറുണ്ട്. |
| (ബി) | എന്തെല്ലാമാണ് മാനദണ്ഡങ്ങൾ എന്നറിയിക്കാമോ ; | (ബി) | സർക്കാരിന്റെ 18/08/2012-ലെ സ.ഉ.(എം.എസ്)നമ്പർ225/12/ത.സ്വ.ഭ.വ ഉത്തരവിൽ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. (ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ലഭ്യമാണ്). |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രസ്തുത മാനദണ്ഡ മനുസരിച്ച് എന്ത് തുക എപ്പോഴെല്ലാം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവെന്നറിയിക്കുമോ? | (സി) | മേൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾക്കനു സൃതമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ ത്തിന് നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം 2012-13 ൽ 3228 കോടി രൂപയും 2013-14 ൽ 4000 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.